GE-DA2/178/2025-G.EDN

**"ഭരണഭാഷ-**

**മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് -ശ്രീ.ഗോപകുമാർ.പി,മുൻ പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്,വീയപുരം,ആലപ്പുഴ -അച്ചടക്കനടപടി-ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി കെ ജെ ശാലിനിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3050/2026/GEDN തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-
1. 24.10.2025 ലെ സ.ഉ(സാധാ) നം.8911/ 2025/പൊവിവ
2. 17.11.2025 ലെ DA2/178/2025 നം കുറ്റപത്രം
3. ശ്രീ.ഗോപകുമാർ സമർപ്പിച്ച 03.02.2026 ലെ പ്രതിവാദപത്രിക
4. 18.04.2026 ലെ സ.ഉ(സാധാ) നം.2718/ 2026/പൊവിവ

**ഉത്തരവ്**

ആലപ്പുഴ വീയപുരം ജി.എച്ച്.എസ്.എസ്-ലെ മുൻ പ്രിൻസിപ്പൽ ശ്രീ.ഗോപകുമാർ.പി-യ്ക്കെതിരെ (പെൻ - 449336) വീയപുരം പോലിസ് ക്രൈം നമ്പർ 515/2025 U/s 74, 75(1)(i), 78(2) BNS AND 75 OF JJ ACT AND 8, 7, 10, 9f, 9p, 12, 11(iv) of POCSO ACT പ്രകാരം രജിസ്റ്റർ ചെയ്ത

പോക്സോ കേസിൽ ടിയാനെ 22.10.2025-ന് അറസ്റ്റു ചെയ്ത് റിമാന്റിലാക്കുകയും ചെയ്തതിനാൽ 22.10.2025 മുതൽ മുൻകാല പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം ടിയാനെ സസ്പെന്റ് ചെയ്യുകയും ആയത് പരാമർശം(4) പ്രകാരം 21.04.2026 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചും ഉത്തരവായിരുന്നു.

2. തുടർന്ന് ടിയാനെതിരെ 1960-ലെ KCS CCA R 15 പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായി പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം(3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ടിയാനെതിരെയുള്ള പോക്സോ കേസ് ബഹു ഹൈക്കോടതിയുടെ 19.12.2025-ലെ വിധിന്യായം പ്രകാരം റദ്ദ് ചെയ്ത സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ പുനഃപ്രവേശിപ്പിക്കണമെന്നും ടിയാനെതിരെയുള്ള അച്ചടക്കനടപടി പിൻവലിക്കണമെന്നും അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ആയതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി.കെ.ജെ.ശാലിനിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അന്വേഷണാധികാരി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ ,ഹയർസെക്കന്ററി വിഭാഗം, തിരുവനന്തപുരം
2. ശ്രീമതി കെ ജെ ശാലിനി, അഡീഷണൽ സെക്രട്ടറി (പരാമർശം 2,3 സഹിതം)
3. ശ്രീ ഗോപകുമാർ പി, പ്രിൻസിപ്പൽ (പൊതുവിദ്യാഭ്യാസ ഡയറക്ടർ

മുഖേന)

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

6. വെബ്(സൈറ്റ്സ്/ന്യൂ മീഡിയ)

7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 06-03-2026 10:32:38

പകർപ്പ്:-

ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്